**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4323** **18-07-2022 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. നടപ്പിലാക്കിയ പുരപ്പുറ സോളാർ പദ്ധതിയിൽ എത്ര ഉപഭോക്താക്കളാണ് രജിസ്റ്റർ ചെയ്തിരുന്നതെന്നും അതിൽ എത്ര ഉപഭോക്താക്കൾ ഇതിനോടകം ബോർഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന പുരപ്പുറ സോളാർ പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ.-ൽ 80,964 ഉപഭോക്താക്കളും അനെർട്ടിൽ 5,284 ഉപഭോക്താക്കളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ബോർഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത് 30,633 പേരാണ് (126.96 MW). |
| (ബി) | പ്രസ്തുത പദ്ധതി എന്നുമുതലാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ; എത്ര മെഗാവാട്ട് ഊർജ്ജമാണ് ഈ പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി 2020 ഒക്ടോബറിലാണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതിയിലൂടെ ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ട 500 MW-ൽ 250 MW വീടുകളിലെ പുരപ്പുറ സൗരനിലയങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | എത്ര സർക്കാർ സ്ഥാപനങ്ങൾ നാളിതുവരെ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്നറിയിക്കാമോ; ഓരോ സ്ഥാപനത്തിനും പ്രസ്തുത ഇനത്തിൽ ചെലവായ തുക, സ്ഥാപിച്ച യൂണിറ്റിന്റെ കപ്പാസിറ്റി, ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | നിലവിൽ പ്രസ്തുത പദ്ധതിയിൽ 523 സർക്കാർ ഓഫീസുകളിൽ/സ്കൂളുകളിൽ 12.755 MW - ന്റെ സൗരനിലയങ്ങൾ സ്ഥാപിച്ചു. 1 KWന് 45,000/- രൂപ എന്ന നിരക്കിൽ 12.755 MWന് 57,39,75,000/- (12.755 x 1000 x 45000 = 57,39,75,000/-) രൂപ ചെലവായി. ഇതിൽ 437 നിലയങ്ങൾ (7.5 MW) കമ്മീഷൻ ചെയ്തു. പ്രസ്തുത പദ്ധതിയിൽ നിന്നും 30,000 യൂണിറ്റ് പ്രതിദിനം ഉത്പാദിപ്പിക്കുന്നു. |
| (ഡി) | കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സൗഹാർദ്ദപരമല്ലാത്ത സമീപനം ഉപഭോക്താക്കളെ ഈ പദ്ധതിയിൽ നിന്നും അകറ്റുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് ഉപഭോക്താക്കളെ സഹായിക്കാൻ പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന ഹെൽപ്പ് ഡസ്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | പ്രസ്തുത പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ഉപഭോക്താക്കളെ സഹായിക്കാൻ സെക്ഷൻ തലത്തിൽ സൗര കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സർക്കിൾ തലത്തിൽ എല്ലാ സർക്കിളിലും SC&M അസിസ്റ്റന്റ് എഞ്ചിനീയറെ സൗര പുരപ്പുറ പദ്ധതിയുടെ മോണിറ്ററിംഗിനും ഇംപ്ലിമെന്റേഷനുമായി നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | നിലവിലെ പുരോഗതി അറിയാൻ **E-Kiran പോർട്ടൽ** വികസിപ്പിച്ച് ജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി **1912 എന്ന ടോൾ ഫ്രീ നമ്പരും** രണ്ട് ഹെൽപ്പ് ഡസ്ക്ക് നമ്പറുകളും (**9496018370/9496266631**) നൽകിയിട്ടുണ്ട്. ഇവർ രജിസ്ട്രേഷനേയും, ഡെവലപ്പറേയും സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുകയും ഈ മേഖലയിലെ എല്ലാ വിവരങ്ങളും ഉപഭോക്താവിന് നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ